ഭരണഭാഷ — മാതൃഭാഷ

**ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,**
രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം-14,
[☎0471-2333337/2333317 ഫാക്സ് 0471-2333314]
www.keralamvd.com [ഇ-മെയിൽ - tcoffice@keralamvd.gov.in ]

നമ്പർ. ജി.2/3383/റ്റി.സി.2013

തീയ്യതി, 22.03.2013

പ്രേഷിതൻ,

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ് ,

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും,
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും,
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും.

സർ,

വിഷയം :- *മോട്ടോർ വാഹന വകുപ്പ്—* വാഹനങ്ങളുടെ രജിസ്ട്രേഷൻ രേഖകൾ മടക്കിനൽകുന്നതിനുണ്ടാകുന്ന കാലതാമസം — നിർദ്ദേശങ്ങൾ - സംബന്ധിച്ച്

സൂചന: 07.02.2013-ലെ മുഖ്യമന്ത്രിയുടെ ഓഫീസിൽ നിന്നുള്ള 2897/ORD/CM/2013 എന്ന നമ്പർ കത്ത്.

സംസ്ഥാനത്തെ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലും, സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലും പുതിയതായി രജിസ്റ്റർ ചെയ്യുന്ന വാഹനങ്ങളുടെ രേഖകൾ മടക്കിനൽകുന്നതിന് മാസങ്ങളോളമുള്ള കാലവിളംബം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അന്വേഷണത്തിൽ മിക്ക ഓഫീസുകളിലും ഈ ജോലി ഒരു വ്യക്തിയ്ക്കുമാത്രമായി നൽകിയിരിക്കുന്നതായി അറിയാൻ കഴിഞ്ഞു. ഈ സാഹചര്യത്തിൽ ഓഫീസിൽ നിത്യേന ലഭിക്കുന്ന രജിസ്ട്രേഷൻ അപേക്ഷകൾ നിശ്ചിത സമയത്തിനുള്ളിൽ കൈകാര്യം ചെയ്യാൻ ആ വ്യക്തിയ്ക്ക് കഴിയുകയില്ല. ഇതു ഒഴിവാക്കി വാഹന രജിസ്ട്രേഷൻ രേഖകൾ നിജപ്പെടുത്തിയിട്ടുള്ള സമയപരിധിയ്ക്കുള്ളിൽ ശരിയാക്കി വാഹന ഉടമകൾക്ക് ലഭ്യമാക്കുവാനായി രജിസ്ട്രേഷൻ ജോലികൾ റൊട്ടേഷൻ രീതിയിൽ (ഓരോ ദിവസം ഒരാൾക്ക് എന്ന ക്രമത്തിൽ) 2013 ഏപ്രിൽ 1-)0 തീയതിമുതൽ എല്ലാ ഓഫീസുകളിലും നടപ്പിലാക്കണമെന്ന് നിർദ്ദേശിക്കുന്നു.

വിശ്വസ്തതയോടെ,

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
ട്രാൻസ്പോർട്ട് കമ്മീഷണർക്കുവേണ്ടി